CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആരാധനാഗാനങ്ങൾ

ആരാധനാദിവസങ്ങളിലും പരി
ശുദ്ധകുർബാനയുടെ പ്രദക്ഷിണ
സമയത്തും പാടാവുന്ന ഏതാനും
ഗാനങ്ങൾ

ഫാദർ ആബേൽ, സി. എം. ഐ.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആരാധനാഗാനങ്ങൾ

ആരാധനാദിവസങ്ങളിലും പരി
ശുദ്ധകുർബാനയുടെ പ്രദക്ഷിണ
സമയത്തും പാടാവുന്ന ഏതാനും
ഗാനങ്ങൾ

Rights reserved

FR. ABEL, C. M. I.

എറണാകുളം
25—4—1971

25 പൈസ

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

2. വിണ്ണിൻ കവാടമേ

വിണ്ണിൻ കവാടമേ, തുറക്കുവിൻ;
മാലാഖമാരേ, നിരക്കുവിൻ;
രാജാവിൻ വരവിനായി വഴികൾ തീർക്കുവിൻ
തിരുമുമ്പിൽ കാഴ്ചവയ്ക്കാൻ മലരുകോർക്കുവിൻ.

വിണ്ണിൻ...

നിറമിയന്ന പുതിയപൂക്കൾ വിരിയുന്നു,
പരിമളത്തിൻ കതിരുപൊങ്ങിപ്പടരുന്നു:
മരുഭൂമിയിലുറവപൊട്ടിയൊഴുകുന്നു
ധരയാകെപ്പരമജീവനുണരുന്നു.

വിണ്ണിൻ...

പച്ചപ്പുൽത്തകിടികൾ നൃത്തമാടി;
മൈതാനനിരകൾ ചേർന്നു പാട്ടുപാടി;
സ്വർല്ലോകം വിട്ടുവന്ന തമ്പുരാനെ
വന്ദിച്ചു വിനയമോടു വാഴ്ത്തിടുന്നു.

വിണ്ണിൻ...

---

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

3. മൂന്നു ബാലന്മാരുടെ കീർത്തനം

അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാട്ടുവിനാദരവോടേ
അവനീ....

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ, ദൂതന്മാരേ,
കർത്താവിൻ തിരുസൈനികനിരയും
സൂര്യൻ ചന്ദ്രൻ താരാഗണവും.
അവനീ...

കാറേ, കടലേ, കാട്ടാറുകളേ
കനലേ, കരയിൽ പൊരിയും വെയിലേ,
കാട്ടും മേട്ടും മേഘാവലിയും
തോട്ടും പുഴയും പുൽത്തൊപ്പുകളും
അവനീ...

കനകംപൊഴിയും പുലരിയുമഴകിൻ
കതിരൊളിചിന്നും സായന്തനവും
തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും
അവനീ...

തിരമാലകളേ, ജലജീവികളേ,
പുഞ്ചിരിതൂകും പൂഞ്ചോലകളേ,
മഴയും മഞ്ഞും മാമലനിരയും
മലരുകൾതിങ്ങും മഞ്ഞണിവയലും.
അവനീ...

---

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ.
ശാന്തഗുണത്തിൻ പാപ്പിടമേ,
ദുഃഖിതനുഴിയിലാശ്രയമേ,
ദിവ്യാനുഗ്രഹമേകണമേ.

---

8. ദീപമേ

ദീപമേ, ദീപമേ,
കൂരിരുൾ നീക്കും പ്രകാശമേ.

ദീപമേ...

അന്ധകാരം നീക്കുവാനായ്
സ്വർഗ്ഗമാർഗ്ഗം കാട്ടുവാനായ്
വാനിടത്തിൽ വന്നുദിച്ച
ദിവ്യദീപം—ദീപം, ദീപം, ദിവ്യദീപം
ഭുവിനാശനല്ലിടുന്ന നിത്യദീപം
ദീപം ദീപം ദിവ്യദീപം.

ദീപമേ...

നിൻകരങ്ങൾ വീശിടുമ്പോൾ
നിൻവരങ്ങൾ തൂകിടുമ്പോൾ
ചക്രവാള സീമകൾ
തെളിഞ്ഞിടുന്നു—ദീപം, ദീപം, ദിവ്യദീപം
താണടിഞ്ഞ കണ്ണുകൾ തെളിഞ്ഞിടുന്നു,
ദീപം, ദീപം, ദിവ്യദീപം.

ദീപമേ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

9. നേരം മങ്ങിമയങ്ങുന്നു

നേരം മങ്ങിമയങ്ങുന്നു;
കൂരിരുളിഴിയിൽ നിറയുന്നു;
കർത്താവേ, നീ പോകരുതേ.
കരുണയൊടെന്നിൽ വാഴണമേ.

നേരം...

നിൻതിരുവാണികളന്നതമാം
ചിന്തകളെന്നിലുണർത്തുന്നു.
മംഗളകാന്തി പരത്തുന്നു;
ഹൃദയം പൂരിതമാക്കുന്നു.

നേരം...

നിൻതിരുസന്നിധിയണയുമ്പോൾ
ആകുലചിന്തകളകലുന്നു;
നിൻതിരുഗീതികൾ പാടുമ്പോൾ
സങ്കടമാകെ മറക്കുന്നു.

നേരം...

വേദനതിങ്ങിയ ഭവനങ്ങൾ
വീണുനുറുങ്ങിയ ഹൃദയങ്ങൾ
ദാരുണമരണവിലാപങ്ങൾ
നിറയും പോക്കളമീയുലകം

നേരം...

---

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

14. അഗാധത്തിൽനിന്നു

(സങ്കീ. 129)

അഗാധത്തിൽനിന്നുനിന്നെ വിളിക്കുന്നു ഞാൻ
ദൈവമേ, എൻ പ്രാർത്ഥന കേൾക്കേണമേ.
പാപിയാം എൻ പ്രാർത്ഥന കേൾക്കേണമേ.

അഗാധ....

പാപങ്ങളെല്ലാം നീയോർത്തിരുന്നാൽ
ദൈവമേ, രക്ഷഭ്രമിയിലാരുനേടും?
കാരുണ്യവാരിധിയാം ലോകനാഥാ,
നിന്നിലാണെന്നുമെൻ പ്രതീക്ഷയെല്ലാം.

അഗാധ....

പുലരികാത്തുകാത്തുവാഴും കാവലാൾപോലെ
അനുദിനം ഞങ്ങൾ നിന്നെക്കാത്തിരിക്കുന്നു;
നീയാണു പാപമോചനമേകിടുന്നു,
തിന്മയിൽ വീഴാതെ പാലിക്കുന്നു.

അഗാധ....

15. ദൈവമേ

(സ്തോത്രഗീതം)

ദൈവമേ, നിൻ ദിവ്യദാനങ്ങൾക്കായ്
നന്ദിയോടേ ഞങ്ങൾ നിന്നെ വാഴ്ത്തീടുന്നു.

ദൈവമേ...

അപകടങ്ങളിൽ വീഴാതെ
വീണുപോയാൽ താഴാതെ
അനുദിനം ഞങ്ങളെ നീ
കാത്തുപോന്നല്ലോ.

ദൈവമേ....

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പാപത്തിൻവഴിയിലും
ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ-
ക്കാശ്രയം നൽകി.

ദൈവമേ....

ആത്മാവിലാശ്വസിപ്പിക്കി
അന്നന്നുഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ
വാണിടുന്നല്ലോ.

ദൈവമേ....

---

16. നിത്യനായ

നിത്യനായ ദൈവത്തിൻ പുത്രനാണു നീ
ലോകൈകരക്ഷകനാം ക്രിസ്തുവാണു നീ
ഇസ്രയേലിൻ രാജരാജനാണു നീ
ശക്തനായ ദൈവത്തിൻ നിവ്യയാണു നീ.

മൂന്നു കൂടാരങ്ങൾ തീർത്തിടാം ഞാൻ
എന്നുമിവിടെ വാഴ്വതെത്ര മോഹനം!
എവിടെ ഞാൻ പോകും ലോകേശാ,
ജീവന്റെ ഉറവിടം നീയല്ലോ.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നിൻ ദിവ്യരാജ്യത്തിലെത്തിടുമ്പോൾ
കരുണയോടെന്നെയും നീയോർക്കണേ:
കരുടനാണു ഞാൻ രോഗിയാണേ
കരയുവോർക്കാശ്വാസമേകണേ.

---

17. ഈശ്വരപ്രാർത്ഥന

നിത്യദൈവമേ, കൈതൊഴുന്നിതാ,
ഞങ്ങൾ നിൻപദം കുമ്പിടുന്നിതാ.

നിത്യദൈവമേ....

സർവ്വലോകനായകാ, ജഗൽപ്രകാശമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ;
ഇന്നു ഞങ്ങളെപ്പൊട്ടും സദ്ദയമങ്ങളിൽ
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ.

നിത്യദൈവമേ....

---

christianmusicologicalsocietyofindia

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org